പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

03.04.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6373

## വനഭൂമിയ്ക്ക് പട്ടയം

| | ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | മറുപടി<br>ശ്രീ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | വനഭൂമിയ്ക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി കൈവശക്കാരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 01.01.1977 ന് മുമ്പുള്ള കയ്യേറ്റ വനഭൂമിക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ - വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി കൈവശക്കാരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 28,588 ഹെക്ടർ വനഭൂമി കയ്യേറ്റക്കാർക്ക് പതിച്ച് നൽകുന്നതിന് കേന്ദ്രാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം തയ്യാറാക്കിയ കൈവശക്കാരുടെ പട്ടിക കേന്ദ്രാനുമതിക്ക് അയച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | ആദ്യഘട്ടത്തിൽ നടത്തിയ സംയുക്ത പരിശോധനയുടെ ലിസ്റ്റ് സംസ്ഥാന സർക്കാർ 26.06.86 തീയതിയിലെ 51289/എഫ്.സി.1/83/എ.ഡി നമ്പർ കത്തു പ്രകാരം കേന്ദ്രസർക്കാരിനയച്ചതിന്റെ അടിസ്ഥാനത്തിൽ 23.03.1993 ലെ ബി-118/86 എഫ് സി കത്ത് പ്രകാരം വ്യവസ്ഥകൾക്കു വിധേയമായി തത്വത്തിൽ അംഗീകാരവും തുടർന്ന് 31.01.1995 ലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കത്തു പ്രകാരം ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് 1980 ലെ 2-ാം വകുപ്പ് പ്രകാരമുള്ള അന്തിമ അനുമതിയും ലഭിച്ചു ഇനി ബാക്കി ക്രമീകരിക്കാനുള്ള ജില്ലകളിലെ മുഴുവൻ വിസ്തൃതിയും ക്രോഡീകരിച്ച് ഒറ്റ പ്രോപ്പോസലായി ഓൺലൈനായി കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിന് യൂസർ ഏജൻസിയായ റവന്യൂ വകുപ്പ് സമർപ്പിക്കേണ്ടതുണ്ട്. എല്ലാ ജില്ലകളിലേയും സംയുക്ത പരിശോധന പൂർത്തിയാക്കി വിവരങ്ങൾ ക്രോഡീകരിക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാലും ലിസ്റ്റിൽ അവ്യക്തത കണ്ടതിനാലും സർവ്വെസ്കെച്ച് ജോലികൾ പൂർത്തീകരിക്കാത്തതിനാലും 01.01.1977 നു ശേഷം വനഭൂമി കയ്യേറിയ അർഹത ഇല്ലാത്തവർ ലിസ്റ്റിൽ കടന്നുകൂടിയതും, കോടതിയിൽ കേസ് നിലനിൽക്കുന്നതും മറ്റുമാണ് റവന്യൂ വകുപ്പിൽ നിന്നും പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിന്റെ പ്രധാന കാരണങ്ങൾ. |
| (സി) | കൈവശക്കാരുടെ പട്ടിക തയ്യാറാക്കിയപ്പോൾ മുമ്പ് നിരസിച്ച അപേക്ഷകൾ വീണ്ടും പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | മുൻപ് നിരസിച്ച അപേക്ഷകൾ വീണ്ടും പരിഗണിച്ചിട്ടില്ല |

സെക്ഷൻ ആഫീസർ